## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 683 — 13.06.2012-ൽ മറുപടിയ്ക്ക്

### സിനിതയുടെ ആശ്രിത നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ആശ്രിത നിയമനത്തിനായുള്ള സിനിത എൻ. എസ് ന്റെ അപേക്ഷയിന്മേൽ ആരോഗ്യ വകുപ്പ് കൈക്കൊണ്ട നടപടികൾ .വ്യക്തമാക്കുമോ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം ലഭിച്ച അപേക്ഷയിന്മേൽ കൊല്ലം ജില്ലാ കളക്ടറുടെ പരിശോധന റിപ്പോർട്ട് വാങ്ങി. അപേക്ഷയിൽ ശ്രീമതി സിനിത പഞ്ചായത്ത് വകുപ്പ്, ഗ്രാമ വികസന വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയിലേക്കാണ് നിയമനത്തിനായി മുൻഗണനാക്രമത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് വകുപ്പിൽ ടിയാൾക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച അഭിപ്രായം ആരായുന്നതിന് ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് 15/05/2012 ൽ അയച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷ ആരോഗ്യ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ്; | (ബി) | 25-03-2011 ൽ അപേക്ഷ സർക്കാരിൽ ലഭിച്ചു. |
| (സി) | നിലവിലുള്ള സ്ഥിതി പ്രകാരം സിനിതയ്ക്ക് ആശ്രിത നിയമനത്തിനുള്ള ഉത്തരവ് ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നു; | (സി) & (ഡി) | പഞ്ചായത്ത് വകുപ്പിൽ ടിയാൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് ആ വകുപ്പിൽ നിന്നും അനുകൂലമായ തീരുമാനമുണ്ടായാൽ താമസം കൂടാതെ ടിയാൾക്ക് നിയമന ഉത്തരവ് നൽകാവുന്നതാണ്. |
| (ഡി) | നിർധന കുടുംബാംഗമായ സിനിതയ്ക്ക് ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ